മുദ്രകൾ

# പരിസ്ഥിതി സംരക്ഷണം വിശ്വാസികളുടെ ബാധ്യത



●ഡോ. സഅ്‌ലൂൽ അന്നജ്ജാർ

**ദുബൈ** അന്താരാഷ്ട്ര ഖുർആൻ അവാർഡ് ജേതാവും ഈജിപ്തിലെ ഇസ്‌ലാമിക കാര്യ ഉന്നതാധികാര സമിതിയിലെ ഖുർആനിക ശാസ്ത്രാത്ഭുത കമ്മിറ്റി ചെയർമാനുമാണ് **ഡോ. സഅ്‌ലൂൽ അന്നജ്ജാർ.**

യു.എ.ഇ. പരിസ്ഥിതി വകുപ്പിന്റെ 11-ാമത് ദേശീയ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രഭാഷണ പരിപാടികളിൽ പങ്കെടുക്കാൻ അബൂദബിയിൽ എത്തിയ അദ്ദേഹവുമായി *പ്രബോധന*ത്തിനുവേണ്ടി **അബ്ദു ശിവപുരം** സംസാരിച്ചു.

'കാലാവസ്ഥാ വ്യതിയാനത്തിന് സജ്ജരാകുക' എന്നതായിരുന്നു ഡോ. സഅ്‌ലൂലിൻെറ പ്രഭാഷണ വിഷയം. കാലാവസ്ഥാ മാറ്റത്തിൽ വിശ്വാസികൾ കൈക്കൊള്ളേണ്ട നിലപാടുകളിലേക്ക് ഖുർആനിക സൂക്തങ്ങളിലൂടെ സൂചന നൽകുകയായിരുന്നു ഡോ. സഅ്‌ലൂൽ.

കരയിലും കടലിലും നാശം പൊട്ടി പുറപ്പെട്ടത് മനുഷ്യകരങ്ങളുടെ പ്രവർത്തനഫലമായാണ്. ഖുർആൻ സൂക്തം ഉദ്ധരിച്ചുകൊണ്ട്, മാറുന്ന കാലാവസ്ഥയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ധാർമിക, സദാചാര ഭ്രംശങ്ങൾ കാരണമാണെന്ന് അദ്ദേഹം സമർഥിച്ചു.

ജലം, കൃഷി, മത്സ്യസമ്പത്ത്, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ, തീരപ്രദേശങ്ങൾ ഇവയെല്ലാം കാലാവസ്ഥാ വ്യതിയാനത്തിൽ നശിക്കും. അതിനാൽ ഗവേഷണങ്ങളിലൂടെ പരിഹാരം കണ്ടെത്താൻ ഇനിയും വൈകിക്കൂടാ. പരിസ്ഥിതി സംരക്ഷണം മാത്രമേ പരിഹാരമുള്ളൂ.

നശിച്ചുപോവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്ത വനങ്ങളുടെ സ്ഥാനത്ത് എത്രയും പെട്ടെന്ന് വനങ്ങൾ വളർത്തണം. കാർബൺഡയോക്സൈഡ് പിടിച്ചെടുക്കാൻ വനങ്ങൾ കൂടിയേ തീരൂ.

വനങ്ങളിലെ അഗ്നിബാധ, കൂടിവരുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂമികുലുക്കം തുടങ്ങിയവ പ്രകൃതിയുടെ താളം തെറ്റിച്ചിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം എന്നെത്തേക്കാളും കൂടുതലാണ് ഇന്ന്.

ബ്രസീലിലും ഇന്ത്യൻ തലസ്ഥാനമായ ദൽഹിയിലുമൊക്കെ പരിസ്ഥിതി പ്രശ്നങ്ങൾ മനുഷ്യ ജീവിതത്തെ നന്നായി ബാധിച്ചിട്ടുണ്ട്. വർധിച്ചുവരുന്ന വാഹന ഉപയോഗം സൃഷ്ടിക്കുന്ന പരിസ്ഥിതി മലിനീകരണം ചെറുതല്ല. ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലാസ്റ്റിക് കവറുകളും മറ്റും പരിസ്ഥിതിയെ സാരമായി ബാധിക്കുന്നു.

വിശുദ്ധ നഗരങ്ങളായ മക്കയും മദീനയും പരിസ്ഥിതി മലിനീകരണ വിമുക്ത നഗരങ്ങളായി മാറ്റാനുള്ള അധികൃതരുടെ നീക്കം മാതൃകാപരമാണെന്ന് ഡോ. സഅ്‌ലൂൽ പറഞ്ഞു.

മാറുന്ന കാലാവസ്ഥയിൽ പരിസ്ഥിതി സംരക്ഷണം വിശ്വാസികളുടെ നിർബന്ധ കടമയാണെന്ന് അദ്ദേഹം ഓർമപ്പെടുത്തി.

ഈജിപ്ഷ്യൻ പണ്ഡിതനായ ഡോ. സഅ്‌ലൂൽ അറബി, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ ഭാഷകളിലായി 45 ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. കൂടാതെ വിവിധ വിഷയങ്ങളിൽ ആധികാരിക രേഖകളായി അഞ്ഞൂറോളം പ്രബന്ധങ്ങളും.

## ഇഖ്‌വാൻ തെരഞ്ഞെടുപ്പിൽ പങ്കെടുക്കും

**ഈജിപ്തിലെ** പ്രാദേശിക സഭകളിലേക്ക് ഏപ്രിൽ മാസത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ മത്സരിക്കും. രാജ്യത്തിന്റെ നന്മക്കു വേണ്ടിയാണ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ തീരുമാനിച്ചതെന്ന് ഈജിപ്തിലെ ഇഖ്‌വാൻ കാര്യദർശി മുഹമ്മദ് ആകിഫ് പറഞ്ഞു.

ഈജിപ്തിൽ വ്യാപകമായി ഇഖ്‌വാൻ പ്രവർത്തകരെ ഭരണകൂടം അറസ്റ്റു ചെയ്തുകൊണ്ടിരിക്കെയാണ് സംഘടന നിർണായകമായ ഈ തീരുമാനമെടുത്തത്. ഏഴു പ്രവിശ്യകളിൽനിന്നായി നൂറിലധികം പേരെ കഴിഞ്ഞ ദിവസം അറസ്റ്റു ചെയ്തതുൾപ്പെടെ, 530-ലധികം ഇഖ്‌വാൻ പ്രവർത്തകർ ഇപ്പോൾ ജയിലിലാണ്. പ്രമുഖരെ ജയിലലടച്ച് ഇഖ്‌വാന്റെ തെരഞ്ഞെടുപ്പ് പങ്കാളിത്തം അവതാളത്തിലാക്കാനാണ് അധികൃതരുടെ ശ്രമം. സാമ്പത്തികമായി തളർത്താനും തെരഞ്ഞെടുപ്പു പങ്കാളിത്തത്തിൽനിന്ന് പിന്തിരിപ്പിക്കാനുമായി ഇഖ്‌വാനികളുടെ ഉടമസ്ഥതയിലുള്ള കടകളും വ്യാപാര സ്ഥാപനങ്ങളും കമ്പനികളും വരെ അടപ്പിക്കാൻ ശ്രമം നടക്കുന്നുണ്ടെന്ന് ആകിഫ് പറഞ്ഞു.

2005-ൽ പ്രാദേശിക സഭകളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളിൽ ഇഖ്‌വാൻ സ്ഥാനാർഥികൾ മികച്ച പ്രകടനം കാഴ്ചവെച്ചതിനാൽ 2006-ൽ നടക്കേണ്ട തെരഞ്ഞെടുപ്പ് അധികൃതർ രണ്ടു വർഷത്തേക്ക് നീട്ടിവെക്കുകയായിരുന്നു.

## ഹിജാബ് ധരിക്കാൻ ഇനിയും കടമ്പകൾ

**അന്ന്** രാവിലെ സബീഹ ഹൈമൻ വളരെ ആവേശത്തോടെയാണ് താൻ പഠിക്കുന്ന ഇസ്തംബൂളിലെ ബിൽഗി യൂനിവേ

ഴ്സിറ്റിയുടെ കവാടത്തിലെത്തിയത്. തുർക്കിയിലെ വിദ്യാർഥിനികൾക്ക് ഹിജാബ് ധരിച്ചും വിദ്യാലയങ്ങളിൽ വരാം എന്ന ടർക്കിഷ് പാർലമെന്റ് പാസാക്കിയ നിയമം പ്രസിഡന്റ് അബ്ദുല്ലാ ഗുൽ ഒപ്പു വെച്ച ദിവസമായിരുന്നു അത്. പക്ഷേ, പാറാവുകാരൻ സമ്മതിച്ചില്ല. 'അങ്ങനെയൊരു ഉത്തരവ് ഞങ്ങൾക്ക് ലഭിച്ചിട്ടില്ല' എന്നു പറഞ്ഞ് അയാൾ വിദ്യാർഥിനിയെ തടഞ്ഞു. മറ്റു യൂനിവേഴ്സിറ്റികൾ ഹിജാബ് അനുവദിക്കുന്നുണ്ടല്ലോ എന്ന് ചോദിച്ചപ്പോൾ 'എന്നാൽ അവിടെ പോയി പഠിച്ചോ' എന്നായിരുന്നു പാറാവുകാരന്റെ ധാർഷ്ട്യം നിറഞ്ഞ മറുപടി.

വൻ ഭൂരിപക്ഷത്തോടെയാണ് ടർക്കിഷ് പാർലമെന്റ് വിദ്യാലയങ്ങളിൽ വിദ്യാർഥിനികൾക്ക് ഹിജാബ് ധരിക്കാം എന്ന നിയമഭേദഗതി പാസാക്കിയത്. 550 അംഗ പാർലമെന്റിൽ 411 പേരും നിയമഭേദഗതിയെ അനുകൂലിച്ചു. 367 വോട്ട് കിട്ടിയാൽ തന്നെ ഭേദഗതി പാസാവുമായിരുന്നു. പ്രതിപക്ഷ കക്ഷിയായ നാഷ്നലിസ്റ്റ് ആക്ഷൻ പാർട്ടിയും നിയമം കൊണ്ടുവന്ന ഭരണ കക്ഷിയായ എ.കെ പാർട്ടിക്കൊപ്പം നിന്നു. അതിനാൽ ചില വിട്ടുവീഴ്ചകൾ ചെയ്യാനും എ.കെ പാർട്ടി നിർബന്ധിതമായി.

പരമ്പരാഗതമായി തുർക്കി വനിതകൾ തലയിൽ ചുറ്റുന്ന 'ബസോർതുസു' എന്ന ശിരോവസ്ത്രം ധരിക്കാം എന്നു മാത്രമാണ് നിയമഭേദഗതിയിൽ പറയുന്നത്. തലമുടി മുതൽ താടിയെല്ലു വരെ മറയുന്ന ഭാഗികമായ ഹിജാബാണിത്. കഴുത്ത് നഗ്നമായിത്തന്നെ കിടക്കും.



ഇതുപോലും യഥാർഥ അധികാരം കൈയാളുന്ന പട്ടാള മേധാവികൾ അനുവദിക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നു. നിയമം പ്രാബല്യത്തിലായിട്ടും ഇസ്തംബൂളിലെയും അങ്കാറയിലെയും ഇസ്മീറിലെയും മിക്ക യൂനിവേഴ്സിറ്റികളും തലമറച്ചെത്തുന്ന വിദ്യാർഥിനികളെ തടയുകയാണുണ്ടായത്. 1980-ലെ പട്ടാള അട്ടിമറിക്കു ശേഷമാണ് പൊതു സ്ഥലങ്ങളിൽ ഹിജാബ് ധരിക്കുന്നത് നിരോധിച്ചത്.

# ജൂത-മുസ്‌ലിം സംവാദത്തിന് ആഹ്വാനം

**ഇസ്രയേൽ** രാഷ്ട്രത്തിന്റെ പിറവിക്കു ശേഷം മുസ്‌ലിം-ജൂത ബന്ധങ്ങൾ ഒട്ടും സാധാരണ നിലയിലല്ല. സിയോണിസ്റ്റ് അതിക്രമങ്ങൾ, മൊത്തം ജൂത സമൂഹത്തിന്റെ കണക്കിൽ വരവ് വെക്കപ്പെടുന്നതുകൊണ്ട് ഇരു മത സമൂഹങ്ങളും ഏറെ അകന്നു കഴിഞ്ഞിരിക്കുന്നു. ഇതിനൊരു മാറ്റം വേണമെന്ന ചിന്തയിൽ നിന്നാണ് ലണ്ടൻ ആസ്ഥാനമാക്കി സെന്റർ ഫോർ ദ സ്റ്റഡി ഓഫ് മുസ്‌ലിം-ജ്യൂവിഷ് റിലേഷൻസ്(CMJR) എന്ന സംഘടന നിലവിൽവന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുസ്‌ലിം പണ്ഡിതന്മാർ കഴിഞ്ഞ ഫെബ്രുവരി 25-ന് ജൂതസമൂഹത്തിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു തുറന്ന കത്തെഴുതുകയുണ്ടായി. ബന്ധങ്ങൾ മെച്ചപ്പെടുത്താൻ ഇരുവിഭാഗവും ഒന്നിച്ചിരിക്കണമെന്നും സംവാദം നടത്തണമെന്നുമാണ് കത്തിലെ അഭ്യർഥന.

വാഷിംഗ്ടണിലെ അമേരിക്കൻ യൂനിവേഴ്സിറ്റിയിൽ ഇസ്‌ലാമിക പഠനവിഭാഗത്തിൽ പ്രഫസറായ അക്ബർ അഹ്മദ്, പ്രമുഖ സ്വീഡിഷ് പണ്ഡിതൻ താരിഖ് റമദാൻ തുടങ്ങിയവർ തുറന്ന



● *അക്ബർ അഹ്മദ്*

കത്തിൽ ഒപ്പ് വെച്ചവരിൽ പെടും. 'ഇരു വിഭാഗത്തിനുമിടയിൽ നിലനിൽക്കുന്ന ആഴത്തിലുള്ള വൈരാഗ്യവും മുൻവിധികളും ചിലയിടങ്ങളിൽ സംഘട്ടനത്തിലേക്ക് വഴി തുറന്നിരിക്കുന്നു... അതുകൊണ്ട് ഈ പ്രശ്നം നാം അഭിമുഖീകരിക്കുകയല്ലാതെ തരമില്ല.' കത്തിൽ പറയുന്നു.

ഇബ്റാഹീമീ പാരമ്പര്യത്തിൽ പെടുന്ന ജൂത, ഇസ്‌ലാം മതങ്ങൾ തമ്മിൽ പൊതുവായി പങ്ക് വെക്കപ്പെടുന്നതോ സാദൃശ്യമുള്ളതോ ആയ ധാരാളം മൂല്യങ്ങളും അനുഷ്ഠാനക്രമങ്ങളുമുണ്ടെന്ന് കത്ത് തുടരുന്നു. ഏക ദൈവത്തിൽ ഉറച്ചു വിശ്വസിക്കുന്നവരാണ് ഇരു മതക്കാരും. ഇരു നിയമവ്യവസ്ഥകൾ തമ്മിലും പല സാദൃശ്യങ്ങളും കാണാവുന്നതാണ്, പദപ്രയോഗങ്ങളിൽ പോലും. ദാനധർമ്മത്തിന് മുസ്‌ലിംകൾ സ്വദഖ എന്നു പറയുമ്പോൾ ജൂതന്മാർ tsedaka എന്ന് പ്രയോഗിക്കുന്നു. 'ഹലാൽ' ഭക്ഷണം അവർക്കുമുണ്ട്, 'കോശർ' എന്ന പേരിൽ. അതുകൊണ്ട് 'നിങ്ങളും ഞങ്ങളും പൊതുവായി പങ്കു വെക്കുന്ന മൂല്യങ്ങളെ' കുറിച്ച് ഒരു തുറന്ന ചർച്ച വളരെ ഫലപ്രദമാണെന്ന് കത്തിൽ സൂചിപ്പിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ പോപ്പ് ഉൾപ്പെടെയുള്ള ക്രിസ്ത്യൻ ചർച്ച് മേധാവികൾക്ക് 138 മുസ്‌ലിം പണ്ഡിതന്മാർ ഒപ്പിട്ട് അയച്ച കത്തിന്റെ മാതൃകയിൽ തന്നെയാണ് ഈ കത്തും.